തനിച്ചിരിക്കാം .. (ഒന്നിച്ച്)

നൂറ് ഹൃദയങ്ങൾക്കൊത്ത്,
ആയിരം ചിന്തകൾക്കൊത്ത്,
പതിനായിരം ഭ്രാന്തുകൾക്കൊത്ത്,
തനിച്ചിരുന്നിട്ടുണ്ടോ?

എല്ലാ ഹൃദയങ്ങളും
ഒറ്റയ്ക്കാണ്,
എല്ലാ ചിന്തകളും
സ്വതന്ത്രമാണ്,
എല്ലാ ഭ്രാന്തുകളും
വ്യക്തിപരമാണ്.

നമ്മൾ തനിച്ചാണ്..

തനിച്ചിരിക്കുമ്പോൾ
നിനച്ചിരിക്കുന്നത്
നിമിഷത്തെക്കുറിച്ചാണ്..
നിന്നെക്കുറിച്ചാണ്..

എന്റെ നിമിഷങ്ങൾക്ക്
ചാര നിറമാണ്.
എന്റെ കവിതയ്ക്ക്
ചുവപ്പു നിറവും.

തനിച്ചിരിക്കുമ്പോൾ
നിനച്ചിരിക്കുന്നത്
എന്നെക്കുറിച്ചാണ്..
നമ്മെക്കുറിച്ചാണ്..

നാം ചിന്തിക്കുന്നത്
നമ്മെക്കുറിച്ചാണ്.
പക്ഷെ..
നാം തനിച്ചാണ്!

നമ്മുടെ ചിന്തകൾക്ക്
മിന്നൽ വേഗമാണ്,
നമ്മുടെ നിമിഷങ്ങൾക്ക്
കുതിരക്കുളമ്പൊച്ചയാണ്.

വേഗം കൂട്ടാൻ
നമ്മെ ഉത്തേജിപ്പിച്ചത്
ഈ തനിച്ചിരിപ്പാണ്.
എന്നാൽ...
ഒന്നിച്ചിരിക്കുമ്പോൾ
നമ്മുടെ വേഗം
പുഴപ്പുവിനാം താഴെ..

കാരണം,
തനിച്ചിരുന്നപ്പോൾ
ഞാൻ ചിന്തിച്ചത്
നമ്മെക്കുറിച്ചാണ്.
ഒന്നിച്ചിരുന്നപ്പോൾ
എന്റെ ചിന്ത
എന്നെക്കുറിച്ചായി.

ഇപ്പോൾ നാം
ആൾക്കൂട്ടത്തിൽ
തനിച്ചായി,
വേഗമില്ലാതായി!

ഇത്രേയും നേരം
നാം തനിച്ചിരുന്ന്-
എന്നാൽ ഒന്നിച്ചിരുന്ന്,
ഓർമ്മിച്ചു.

നമ്മുടെ ഓർമ്മകൾക്ക്
കടുകിൻ വലിപ്പം,
ഒരേ നിറം
എന്നാൽ മിന്നൽ വേഗം

ഇനി നമുക്ക്
ഒന്നിച്ചിരുന്ന്
ഒന്നിച്ച് ഒന്നിച്ചോ-
ർമ്മിക്കാം.

ഒരു പക്ഷെ,
നമ്മുടെ ഓർമ്മകൾക്ക്
വേഗം കുറവായിരിക്കും എങ്കിലും,
അതിന് കടലോളം വലിപ്പമുണ്ടാവും.

തിരയോളം
നീലനിറമുണ്ടാവും
കവിതയോളം
ചുവപ്പുണ്ടാവും
നിമിഷത്തോളം
ചാരനിറമുണ്ടാവും.

നമ്മുടെ നിറങ്ങൾക്ക്
നിരവധി വിശേഷങ്ങൾഉണ്ട്.
എന്റെ നിറവും
നമ്മുടെ നിറവും ചേർന്ന്
ഒരു പുതുമയുള്ള നിറം..

അതിന് വിശാലമായ
ആകാശവും
അതിവിശാലമായ
ഭൂമിയുമുണ്ട്.

ആ ആകാശത്തിന്റെ
അനന്തതയിൽ

നമുക്ക് സ്വതന്ത്രമായി
ചിറകുവിടർത്താം..

ആ ഭൂമിയുടെ
വിശാലതയിൽ
ആയിരം
നിറമുള്ള ഞങ്ങൾ മുളക്കും...

നമ്മുടെ ചിന്തകൾ
ഈ വിധം വന്നത്
ഒരു
തനിച്ചിരിപ്പിൽ നിന്നാണ്.

രണ്ടു നിറത്തിൽ
നിന്നും നാം
ആയിരം
ചിത്രങ്ങളുണ്ടാക്കി.

ആ നിറങ്ങൾ
നമ്മുടെ വേരിനും

കാണ്ഡത്തിനും
ഇലകൾക്കും യോജിച്ചു.

ആകയാൽ,

ഒന്നിച്ചൊരു
തനിച്ചിരിപ്പ്
ആത്മാർഥമായി
ഞാനും ആഗ്രഹിക്കുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).